ഉത്തരം

(എ) ഓരോ സബ് സെന്ററിനും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 30 രൂപയാണ് അനുവദിക്കുന്നത്. 2001-2002 വർഷത്തിൽ മലപ്പുറം ജില്ലയ്ക്ക് 11,000 രൂപയും, കോഴിക്കോട് ജില്ലയ്ക്ക് 17,000 രൂപയും 2002-2003 വർഷത്തിൽ മലപ്പുറം ജില്ലയ്ക്ക് 11,000 രൂപയും കോഴിക്കോട് ജില്ലയ്ക്ക് 19,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് ഓഫീസ് ആവശ്യത്തിലേക്കുള്ള വൈദ്യുതി നിരക്കിലാണ് ഇപ്പോൾ ചാർജ്ജ് ഈടാക്കിവരുന്നത്. ഇതിന് പരിഹാരമെന്ന നിലയിൽ ഇപ്പോഴത്തെ കണക്ഷൻ ഓഫീസ്മുറിക്ക് മാത്രമായി പരിമിതപ്പെടുത്തി ഗാർഹിക ആവശ്യത്തിലേക്ക് മറ്റൊരു കണക്ഷൻ (എൽ.ടി.1എ) ഡൊമസ്റ്റിക് താരിഫ് പ്രകാരം സബ് സെന്ററിന് ഏർപ്പെടുത്തേണ്ടതായുണ്ട്. ഇക്കാര്യം സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുമായി കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എച്ച്. സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട നടപടി

130 [5275] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എച്ച്. സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ടി പണി കഴിപ്പിച്ച വാർഡുകളിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാത്ത കാരണത്താൽ അവ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ രോഗികളെ ഈ വാർഡുകളിൽ കിടത്തി ചികിത്സിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കാം.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യായവില മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം

131 [5276] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ന്യായവില മെഡിക്കൽ സ്റ്റോറുകൾ ആരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്;

(ബി) ഓരോ മെഡിക്കൽ കോളേജിലെയും ഇത്തരം ന്യായവില മെഡിക്കൽ സ്റ്റോറുകളുടെ ദിവസ വരുമാനം എത്രയാണെന്ന് കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയതിന്റെ പ്രതിമാസ ശരാശരി എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വാർഷിക വരുമാനം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലും കഴിഞ്ഞ 5 വർഷങ്ങളായി എത്ര രൂപ വീതം ലാഭം/നഷ്ടം എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത തുക കൈകാര്യം ചെയ്യുന്ന വ്യക്തി ഓരോ സ്ഥാപനത്തിൽ ആരാണെന്നും ടിയാന്റെ ഔദ്യോഗിക സ്ഥാനം എന്താണെന്നും വെളിപ്പെടുത്തുമോ;

(ജി) ഇത്തരം സ്ഥാപനങ്ങളിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ആരെങ്കിലും സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) ഈ സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കാൻ വ്യവസ്ഥയുണ്ടോ;

(ഐ) ജീവനക്കാരുടെ പേരിൽ നിലവിൽ സാമ്പത്തിക ക്രമക്കേടുകൾക്ക് ഏതെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(ജെ) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(കെ) ഇത്തരം സ്ഥാപനങ്ങളുടെ ലാഭം എച്ച്.ഡി.സി.-യുടെ അനുദിന പ്രവർത്തനങ്ങൾക്കോ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിനോ മറ്റാവശ്യങ്ങൾക്കോ നൽകാറുണ്ടോ;

(എൽ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആശുപത്രി വികസന സമിതിയുടെ പേരിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ആശുപത്രി വികസന സമിതി സെക്രട്ടറിയാണ് തുക കൈകാര്യം ചെയ്യുന്നത്.

(ജി) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രി വികസന സമിതിയിൽ ഇതിന്റെ സെക്രട്ടറി കൂടിയായ ആശുപത്രി സൂപ്രണ്ടിനെ സഹായിക്കാൻ തിരുവനന്തപുരം കളക്ടറേറ്റിൽ നിന്നും എ.ഡി.എം. ആയി വിരമിച്ച ആളിനെ എച്ച്.ഡി.എസ്. ജനറൽ ബോഡിയുടെ പൂർണ്ണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

(എച്ച്) ഉണ്ട്.

(ഐ) ഉണ്ട്.

(ജെ) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി.) നമ്പർ 259/03/ആ.കു.വ. തീയതി 22-1-2001 പ്രകാരം പേയിംഗ് കൗണ്ടറിലെ സാമ്പത്തിക ക്രമക്കേടുകൾക്ക് പേയിംഗ് കൗണ്ടർ ഓഫീസർ ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ. കെ. ജി. രവികുമാറിനെതിരെ നടപടി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഉണ്ട്.

(എൽ) ആശുപത്രികളിൽ എത്തുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഉപയോഗിക്കാറുണ്ട്. പ്രതിമാസം 50,000 രൂപയ്ക്കുള്ള മരുന്ന് നിർദ്ധനരായ രോഗികൾക്ക് നൽകുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ടിനെതിരെ അന്വേഷണം

132 [5277] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ടിനെതിരെ മരുന്ന് നിർമ്മാതാക്കൾ, വിതരണക്കാർ തുടങ്ങിയവർ ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ. പ്രിൻസിപ്പാൾ എന്നിവർക്ക് എന്തെല്ലാം പരാതികൾ നൽകിയിരുന്നു; ഇക്കാര്യത്തിൽ എന്ത് അന്വേഷണം നടത്തി; എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മരുന്ന് വാങ്ങൽ, സൂക്ഷിപ്പ്, വിതരണം തുടങ്ങിയവ സംബന്ധിച്ച് സംസ്ഥാനത്തെ ഏതെല്ലാം ഓഫീസർമാർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്; എന്ത് നടപടികൾ സ്വീകരിച്ചു; ഈ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ട് എത്രകാലമായി ഈ തസ്തികയിൽ തുടരുന്നു; ഏതെല്ലാം പ്രൊമോഷനുകളാണ് ടിയാൻ വേണ്ടെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടത്; ഇത് എന്തുകാരണത്താലാണെന്നും ഏതടിസ്ഥാനത്തിലാണ് ഇത് ഗവൺമെന്റ് അംഗീകരിച്ചതെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ എന്നും എങ്കിൽ ആയത് എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ടിനെ മെഡിക്കൽ കോളേജിൽ നിന്നും മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ ഉത്തരവ് നടപ്പാക്കുന്നതിനെതിരെ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ എന്ത് എന്നും ഇതിന് കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(എഫ്) ടിയാന്റെ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനോ, സൂപ്രണ്ടിനോ, ആർ.എം.ഒ.-യ്ക്കോ ഇത് സംബന്ധിച്ച് പരാതി ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly